I ഇ.ബി. XIV - കേരള നിയമസഭ/I-6

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂൺ 29, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ : നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. വി. ശശി, ശ്രീ. ഐ.സി. ബാലകൃഷ്ണൻ എന്നിവരുടെ പേരുകൾ നിർദ്ദശിച്ചുകൊണ്ടുള്ള നാമനിർദ്ദേശ പത്രികകൾ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ശ്രീമതി പി.

ജയലക്ഷ്മി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. വി. ശശി, ശ്രീ. ഐ.സി. ബാലകൃഷ്ണൻ, നോമിനേറ്റഡ് അംഗം ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല. സർവ്വശ്രീ സി. മമ്മൂട്ടി, ഒ. രാജഗോപാൽ, കെ. കൃഷ്ണൻകുട്ടി, അനൂപ് ജേക്കബ് എന്നിവർ സഭയിൽ ഹാജരായിരുന്നില്ല.)

ശ്രീ. വി. ശശിയുടെ ഏജന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. ഐ.സി. ബാലകൃഷ്ണന്റെ ഏജന്റ് ശ്രീ. വി.പി. സജീന്ദ്രൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.

ശ്രീ. വി. ശശിക്ക് 90 വോട്ടും ശ്രീ. ഐ.സി. ബാലകൃഷ്ണന് 45 വോട്ടും ലഭിച്ചതായും ഒരു വോട്ട് അസാധുവായതായും ശ്രീ. വി. ശശിയെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായും സ്പീക്കർ പ്രഖ്യാപിച്ചു.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ സഭാദ്ധ്യക്ഷൻ ഹാർദ്ദമായി

അനുമോദിക്കുകയും സർവ്വ വിജയാശംസകളും നേരുകയും ചെയ്തശേഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അലങ്കരിക്കുന്നതിനുവേണ്ടി ക്ഷണിച്ചു. ശ്രീ. വി. ശശി ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്ത് ഉപവിഷ്ടനായി.

II അടിയന്തരപ്രമേയം

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

മി. സ്പീക്കർ: പുതിയ ഗവൺമെന്റ് അധികാരമേറ്റശേഷം മാനദണ്ഡങ്ങൾ പാലിക്കാതെയും ഭരണകക്ഷി സംഘടനകളുടെ നിർദ്ദേശങ്ങൾ അനുസരിച്ചും രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തിയും നടത്തിക്കൊണ്ടിരിക്കുന്ന വ്യാപകമായ സ്ഥലംമാറ്റംമൂലം സിവിൽ സർവ്വീസിലും ജീവനക്കാർക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, വി. കെ. ഇബ്രാഹിംകുഞ്ഞ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സെക്രട്ടേറിയറ്റിൽ ഫെബ്രുവരി മുതൽ മേയ് മാസം വരെ ഉണ്ടായ 52 പേരുടെ റിട്ടയർമെന്റുകൾക്കുപുറമെ അണ്ടർ സെക്രട്ടറിതലം മുതലുള്ള 30 പേർ പേഴ്സണൽ സ്റ്റാഫിലേയ്ക്ക് മാറിയിട്ടുണ്ട്. ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ തസ്തികയിൽ പ്രൊമോഷൻ വരുമ്പോൾ 14 പേർക്കാണ്

സ്ഥാനചലനമുണ്ടാകുന്നത്. സെക്രട്ടേറിയറ്റിലെ നാലായിരത്തിലധികം ജീവനക്കാരിൽനിന്നും അൻപതിൽതാഴെപേർ മാത്രമേ പ്രൊമോഷനും മറ്റുമായി സ്ഥലം മാറിയിട്ടുള്ളൂ. അത് സ്വാഭാവികമായ സ്ഥലംമാറ്റം മാത്രമാണ്. രാഷ്ട്രീയപരമായ ആനുകൂല്യങ്ങൾ നൽകുന്നതും പ്രതികാര നടപടി സ്വീകരിക്കുന്നതും ഈ സർക്കാരിന്റെ നയമല്ല. പരിശോധിക്കേണ്ട പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. ടി. തോമസ്: ഭരണമാറ്റത്തെത്തുടർന്ന് യാതൊരു മാനദണ്ഡവുമില്ലാതെ സർക്കാർ ജീവനക്കാരെ സ്ഥലംമാറ്റിക്കൊണ്ടിരിക്കുകയാണ്. ഹൃദ്രോഗം, ക്യാൻസർ, വൃക്കരോഗം തുടങ്ങിയവ ബാധിച്ചവരെയും വികലാംഗരെയും ഉൾപ്പെടെ സ്ഥലംമാറ്റിയിരിക്കുകയാണ്. കെ.എസ്.എഫ്.ഇ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥലംമാറ്റ മാനദണ്ഡംപോലും ലംഘിച്ചിരിക്കുകയാണ്. 55 വയസ്സുകഴിഞ്ഞവരെയും റിട്ടയർമെന്റിന് ഒരു വർഷം മാത്രം ബാക്കിയുള്ളവരേയും സ്ഥലം മാറ്റാൻ പാടില്ലെന്ന നിയമം കാറ്റിൽപ്പറത്തിയിരിക്കുകയാണ്. പൊതുസ്ഥലംമാറ്റത്തിന് ഓപ്ഷൻ ക്ഷണിക്കുമ്പോൾ ഇപ്പോൾ സ്ഥലം മാറ്റപ്പെട്ടിരിക്കുന്നവർക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പൊതുസ്ഥലംമാറ്റത്തിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ പുനഃപരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മനുഷ്യത്വരഹിതമായ നടപടികളൊന്നും ഈ സർക്കാർ സ്വീകരിക്കുകയില്ല. ആരെങ്കിലും അത്തരം നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ തിരുത്തുന്നതാണ്. സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കാൻ ബാധ്യതയുള്ള ജീവനക്കാരോട് നിഷ്പക്ഷമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും കെ.എസ്.എഫ്.ഇ.യിലുമുൾപ്പെടെ ആയിരക്കണക്കിന് സ്ഥലംമാറ്റങ്ങളാണ് നടന്നിട്ടുള്ളത്. ഇത്തരം സ്ഥലംമാറ്റങ്ങൾ വളരെയധികം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. സ്ഥലംമാറ്റങ്ങളെ സംബന്ധിച്ച് പരിശോധിച്ച് നീതിപൂർവ്വമല്ലാത്ത സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യണം. പരാതി പരിഹരിക്കാമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ വാക്കൗട്ട് നടത്താതെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

## III ശ്രദ്ധക്ഷണിക്കൽ

(1) എസ്.ബി.ടി-എസ്.ബി.ഐ. ലയന തീരുമാനം

(പ്രസ്തുത വിഷയ സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ യും

നോട്ടീസ് നൽകിയിരുന്നു.)

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: കേരളത്തിൽ ഹെഡ് ഓഫീസുള്ളതും കേരള സർക്കാരിന് ഓഹരിപങ്കാളിത്തമുള്ളതുമായ ഏക പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള അസോസ്സിയേറ്റ് ബാങ്കുകളെ എസ്.ബി.ഐ.യിൽ ലയിപ്പിക്കാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനം ഫെഡറൽ തത്വങ്ങൾക്ക് എതിരാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കും ചെറുകിട വ്യവസായത്തിനും വിദ്യാഭ്യാസത്തിനും ഏറ്റവും കൂടുതൽ വായ്പ നൽകിയിട്ടുള്ളത് എസ്.ബി.ടി.യാണ്. ഈ ലയന തീരുമാനംകൊണ്ട് സംസ്ഥാനത്തിന് യാതൊരു പ്രയോജനവുമില്ലാത്ത സാഹചര്യത്തിൽ ഇതിനെ ഒറ്റക്കെട്ടായി എതിർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): എസ്.ബി.ടി.യുമായി സംസ്ഥാനത്തിന് ചരിത്രപരവും വൈകാരികവുമായ ബന്ധമാണുള്ളത്. ദേശീയ താത്പര്യം കണക്കാക്കുമ്പോൾ എസ്.ബി.റ്റി.യുടെ ലയനം സുപ്രധാനമാണെന്നും അതിന് തടസ്സം നിൽക്കാൻ പാടില്ലെന്നുമുള്ള അഭിപ്രായത്തോട് സർക്കാർ യോജിക്കുന്നില്ല. ട്രഷറി പണമിടപാടുകൾ, ഇ-ഫയലിംഗ്, ഇ-ടെൻഡറിംഗ് എന്നിവയിൽ എസ്.ബി.റ്റി. നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ഈ തീരുമാനം നടപ്പിലായാൽ കേരളത്തിന്റെ

താത്പര്യങ്ങൾക്കനുസൃതമല്ലാതെ ആഗോള തന്ത്രങ്ങൾക്കനുസരിച്ചായിരിക്കും വായ്പകൾ ലഭ്യമാകുന്നത്. ഇക്കാര്യം സംബന്ധിച്ച് സഭയിൽ ഏകകണ്ഠമായി പ്രമേയം പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞങ്ങൾ യോജിക്കുന്നു. ഇക്കാര്യത്തിനായി സഭാനേതാവ് പ്രമേയം കൊണ്ടുവന്നാൽ അതിനോട് സഹകരിക്കാൻ തയ്യാറാണ്.

(2) കേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പാറക്കൽ അബ്ദുള്ള: നാളികേരത്തിനുണ്ടായ വിലക്കുറവും തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾമൂലവും കേരകർഷകർ പ്രതിസന്ധി നേരിടുകയാണ്. കൂലി ദിനംപ്രതി വർദ്ധിക്കുന്നുണ്ടെങ്കിലും തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവംമൂലം നാളികേരത്തിന്റെ വിളവെടുപ്പ് കൃത്യസമയത്ത് നടക്കുന്നില്ല. വിവിധ കാരണങ്ങളാൽ നാളികേര കൃഷിയിൽ നിന്നും കർഷകർ പിൻമാറിക്കൊണ്ടിരിക്കുകയാണ്. തേങ്ങയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വില നിശ്ചയിക്കാനോ കേര കർഷകരെ സഹായിക്കാനോ ഒരു നിയമവും നിലവിലില്ല. കേരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കണം. കോഴിക്കോട് ജില്ലയിൽ ആരംഭിച്ച നാളികേര വികസന പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതിനും വേനൽച്ചൂടിൽ തെങ്ങുകൾക്ക് നാശം

സംഭവിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും ശാസ്ത്രീയ പഠനം നടത്തുന്നതിനും നാളികേരാധിഷ്ഠിത അനുബന്ധ വ്യവസായം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): നാളികേര കൃഷിയിൽ നിന്ന് കർഷകർ പിൻമാറാനിടയാകുന്ന സാഹചര്യം സർക്കാർ സൃഷ്ടിക്കുകയില്ല. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നാളികേര ഉൽപ്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ സംസ്ഥാനത്ത് നാളികേരത്തിന് വിലയിടിവ് ഉണ്ടായിട്ടുണ്ട്. നാളികേര കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പ് മുഖാന്തിരം പച്ചത്തേങ്ങ സംഭരിച്ച ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന പതിനെട്ട് കോടി രൂപ നൽകിയിട്ടുണ്ട്. നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ശൃംഖല രൂപീകരിക്കാനും വിലസ്ഥിരത ഉറപ്പുവരുത്താനും ഹ്രസ്വ-ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും നാഫെഡ് മുഖേന കൊപ്ര സംഭരിക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. തെങ്ങുകൃഷി ശാസ്ത്രീയമായി പ്രോത്സാഹിപ്പിക്കുന്നതാണ്. കാസർഗോഡ് ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷം പുതുതായി മുപ്പത് കേരഗ്രാമങ്ങൾ രൂപീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി സംയോജിത കൃഷിപരിപാലന മുറകൾ നടപ്പാക്കുന്നതിനും ഇടവിള കൃഷി ചെയ്ത്

തെങ്ങിൻതോപ്പുകളിലെ ആദായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. തെങ്ങിൻതോപ്പുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതാണ്. തെങ്ങുകയറ്റത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരസമൃദ്ധി പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തുന്നതാണ്. നാളികേരളത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കർമ്മപദ്ധതികൾ രൂപീകരിക്കും. നീര ഉൾപ്പെടെയുള്ള മൂല്യവർദ്ധിത വസ്തുക്കളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തും. അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) സി. എം. അബ്ദുള്ള മൗലവിയുടെ ദുരൂഹമരണം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. കെ. കുഞ്ഞിരാമൻ: ഉദുമ മണ്ഡലത്തിലെ മംഗലാപുരം ചെമ്പരിക്ക ഖാസി സി.എം. അബ്ദുള്ള മൗലവിയുടെ ദുരൂഹ മരണത്തെപ്പറ്റി പുനരന്വേഷണം

നടത്താനും കുടുംബാംഗങ്ങളുടെ നിരാഹാരസമരം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: മംഗലാപുരം ചെമ്പരിക്ക ഖാസി സി.എം. അബ്ദുള്ള മൗലവിയുടെ ദുരൂഹ മരണം സംബന്ധിച്ച് പുനരന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഖാസി സി.എം. അബ്ദുള്ള മൗലവിയുടെ മരണത്തിൽ തെളിവുകളൊന്നും കണ്ടെത്താത്ത സാഹചര്യത്തിൽ സി.ബി.ഐ. ആത്മഹത്യയാണെന്ന് സ്ഥിരീകരിച്ചെങ്കിലും കോടതി വിധിയെത്തുടർന്ന് പ്രസ്തുത വിഷയത്തിൽ പുനരന്വേഷണം നടന്നുവരികയാണ്. കുടുംബാംഗങ്ങളുടെ നിരാഹാരസമരം അവസാനിപ്പിക്കുന്ന കാര്യം റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്.

(2) ഫയർ സ്റ്റേഷൻ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2011 ഡിസംബർ മാസത്തിലെ ഉത്തരവുപ്രകാരം അഞ്ചുവർഷത്തിനുള്ളിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാപട്ടികയിൽ കൊയിലാണ്ടി ഇരുപത്തിയൊന്നാമതായി ഉൾപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക്

ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) പെരിയാർ നദി മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത്: പെരിയാർ നദി മാലിന്യമുക്തമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പെരിയാറിന്റെ തീരത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന നിരീക്ഷണ സംവിധാനവും ഫാക്ടറികൾ പുറന്തള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം തത്സമയം പരിശോധിക്കാനുള്ള എഫ്ലുവന്റ് ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ദിവസേന ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഡിസ്പ്ലേ ബോർഡ് വഴി പ്രദർശിപ്പിക്കുകയും മലിനീകരണ സാധ്യതയുള്ള മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് കൺട്രോൾ റൂം വഴി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ജല അതോറിറ്റി വിവിധ പ്രക്രിയകളിലൂടെ ശുദ്ധീകരിച്ച ജലം അണുവിമുക്തമാക്കിയാണ് വിതരണശൃംഖല വഴി ജനങ്ങൾക്ക് എത്തിക്കുന്നത്. ശുദ്ധീകരണ സമയത്തും വിതരണ സമയത്തും ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(4) കോട്ടയം ടെക്സ്റ്റൈൽസിലെ പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ്: കോട്ടയം ടെക്സ്റ്റൈൽസ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : പഞ്ഞിയുടെ വിലക്കയറ്റവും മില്ലുകളിൽ ഉത്പാദിപ്പിക്കുന്ന നൂലിന് വില ലഭിക്കാത്തതുംമൂലം കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ ടെക്സ്റ്റൈൽ മില്ലുകളും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ആധുനിക കാലഘട്ടത്തിനനുസൃതമായി തൊഴിൽ സംരക്ഷിച്ചുകൊണ്ട് മോഡണൈസേഷൻ നടപ്പാക്കാൻ കഴിയുന്നില്ല. കോട്ടയം ടെക്സ്റ്റൈൽസിൽ ശമ്പളം, പി.എഫ്., ഇ.എസ്.ഐ., ഇലക്ട്രിസിറ്റി ചാർജ് എന്നിവ കുടിശ്ശികയാണ്. മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് 13 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ഇരിക്കൂർ ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടം

ശ്രീ. കെ.സി. ജോസഫ്: ഇരിക്കൂർ മണ്ഡലത്തിലെ കാപ്പിമല, വൈതൽകുണ്ട്, പാത്തൻപാറ, നൂലിട്ടാമല, നെല്ലിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണൊലിപ്പിലും നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തര

സഹായമായി 5000 രൂപ അനുവദിക്കുകയും നാശനഷ്ടം തിട്ടപ്പെടുത്തി മതിയായ സാമ്പത്തിക സഹായം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാഗികമായി വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം നൽകുന്നതാണ്.

## (6)കാരുണ്യ ബെനവലന്റ് പദ്ധതി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. റ്റി.വി. രാജേഷ് എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്. )

ശ്രീ. വി. പി. സജീന്ദ്രൻ: കാരുണ്യ ബെനവലന്റ് പദ്ധതി സംബന്ധിച്ച ആശങ്കകൾ പരിഹരിച്ച് അത് തുടരുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. വി. രാജേഷ് : റോഡ് അപകടങ്ങളിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും ചികിത്സാ ചെലവ് അധികരിച്ച രോഗികൾക്കും പ്രസ്തുത പദ്ധതിയിൽ നിന്ന് സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്) :കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ക്യാൻസർ, ഹൃദ്രോഗം, കരൾ, വൃക്ക, തലച്ചോർ തുടങ്ങിയവയ്ക്കുള്ള സർജറി, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്. സ്ട്രോക്ക്, ട്രാൻസ്പ്ലാന്റിനുശേഷമുള്ള തുടർ ചികിത്സ,

റോഡ് അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവർ എന്നിവർക്കുകൂടി ധനസഹായം നൽകണമെന്നാണ് ആലോചിക്കുന്നത്. ആർ.എസ്.ബി.വൈ. കാർഡുള്ള എല്ലാവർക്കും ചികിത്സാ സഹായം ലഭ്യമാക്കുന്ന തരത്തിൽ ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് സർക്കാർ ആലോചിക്കുന്നത്. എന്നാൽ മന്ത്രിമാരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5000 രൂപ വരെ നൽകിയിരുന്ന ധനസഹായം ഒഴിവാക്കിക്കൊണ്ട് പദ്ധതി തുടരുന്നതാണ്.

(7)കർഷകർക്ക് പ്രത്യേക പാക്കേജ്

ശ്രീ. ഇ. കെ. വിജയൻ: വടകര താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ കടുത്ത വേനലിൽ വിളനാശം സംഭവിച്ച കർഷകർക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും വകുപ്പുമന്ത്രി ഉൾപ്പെട്ട ഉന്നതതലസംഘം പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതിനും നടപടിയുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വടകര താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ തെങ്ങുകൾക്ക് കൃഷിനാശം സംഭവിച്ച കർഷകർക്ക് മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം നൽകുന്നതാണ്. ടി പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി ഉണങ്ങിയ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് നൽകിവരുന്ന തുക ആയിരം രൂപയാക്കി

വർദ്ധിപ്പിക്കുന്നതിനും നടീൽ വസ്തുക്കൾ, പമ്പ്സെറ്റ് മുതലായവ സൗജന്യമായി വിതരണം ചെയ്യുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തെങ്ങുകൾ വ്യാപകമായി ഉണങ്ങുന്നതിന്റെ കാരണം പരിശോധിക്കുന്നതിന് കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രസംഘത്തെ നിയോഗിച്ചിട്ടുണ്ട്. വകുപ്പുമന്ത്രി ഉൾപ്പെട്ട ഉന്നതതലസംഘം ഉടൻതന്നെ സ്ഥലം സന്ദർശിക്കുന്നതാണ്.

## (8) സ്റ്റേറ്റ് ഹൈവേ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: ഭൂമി ഏറ്റെടുത്ത് തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സ്റ്റേറ്റ് ഹൈവേയുടെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തൃശ്ശൂർ-വാടാനപ്പള്ളി റോഡ് വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്ഥലം ലഭ്യമായ ഭാഗങ്ങളിൽ പണി ആരംഭിക്കുന്നതിനായി തയ്യാറാക്കിയ 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

(9) <u>നാഷണൽ ഹൈവേ നവീകരണം</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> നാഷണൽ ഹൈവേ 966-ലെ മണ്ണാർക്കാട് ടൗൺ പ്രദേശത്തെ റോഡ് നവീകരിക്കുന്നതിനും ഓപ്പറേഷൻ അനന്ത നടപ്പിലാക്കിയതിന്റെ ഭാഗമായി നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): നാഷണൽ ഹൈവേ 966-ലെ മണ്ണാർക്കാട് പ്രദേശത്തെ റോഡ് നവീകരണ പ്രവൃത്തി 2016-17-ലെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തിക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓപ്പറേഷൻ അനന്തയുടെ ഭാഗമായുണ്ടായിട്ടുള്ള ദുരവസ്ഥ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) <u>മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. എ. എം. ആരിഫ്:</u> അരൂർ മണ്ഡലത്തിലെ കായലുകളിൽ പോളകൾ അടിയുന്നതുനിമിത്തം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും അവരുടെ കടബാദ്ധ്യതകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും സൗജന്യ റേഷൻ അനുവദിക്കുന്നതിനും നടപടി

സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): അരൂർ മണ്ഡലത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ കടൽസസ്യങ്ങൾ നിറഞ്ഞ് ജലമലിനീകരണത്തിന് ഇടയാകുന്നത് മത്സ്യബന്ധനത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി 15.48 കോടി രൂപ ചെലവഴിച്ച് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി നടപ്പിലാക്കിയ പാക്കേജ് ലക്ഷ്യം കൈവരിച്ചില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ ഇറിഗേഷൻ, റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോള ശല്യംമൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും പോള നീക്കം ചെയ്യുന്നതിന് ശാസ്ത്രീയമായ സ്ഥിരം സംവിധാനമേർപ്പെടുത്തുന്നതിനും തീരുമാനമെടുക്കുന്നതാണ്.

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച - (തുടർച്ച)**

ശ്രീ. ബി. സത്യൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സമസ്ത മേഖലകളിലും വികസനോന്മുഖമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് അഴിമതി രഹിതഭരണമെന്ന ആശയവുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മരാമത്ത് വകുപ്പ് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതും സ്വാഗതാർഹമാണ്. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറിവരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തിക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കുമെന്നും ദേശീയപാതാ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമുള്ള പ്രഖ്യാപനം പ്രശംസനീയമാണ്. ജനകീയാസൂത്രണ പ്രക്രിയ പുനരാരംഭിച്ച് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളെ ശാക്തീകരിക്കാനുള്ള നടപടിയും 2017-ഓടുകൂടി എല്ലാ വീടുകളും വൈദ്യുതീകരിക്കുമെന്ന പ്രഖ്യാപനവും അഭിനന്ദനാർഹമാണ്. ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് നിർമ്മിച്ചു നൽകുന്നതുൾപ്പെടെയുള്ള ജനക്ഷേമകരമായ കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള തീരുമാനവുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. അടൂർ പ്രകാശ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെ മറച്ചുവച്ചുകൊണ്ടാണ് പുതിയ ഗവൺമെന്റ് നയപ്രഖ്യാപനം നടത്തിയിരിക്കുന്നത്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി സമയബന്ധിത ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം നടപ്പാക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണെങ്കിലും ഭൂമി എപ്പോൾ നൽകാൻ കഴിയുമെന്നുള്ളത് വ്യക്തമാക്കണം. ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി കണ്ടെത്തി ഭൂരഹിതർക്ക് നൽകാനും തൊഴിലാളികളെ പുനരധിവസിപ്പിക്കാനും അവർക്ക് തൊഴിൽ നൽകാനും നടപടി സ്വീകരിക്കണം. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകാനും നൂതന മാർഗ്ഗങ്ങൾ കണ്ടെത്തി റീസർവ്വേ നടപടി പൂർത്തീകരിക്കാനും റവന്യൂ സർവ്വേ അദാലത്തുകൾ നടത്തി പരാതികൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ

ഇ-ഡിസ്ട്രിക്ട് പദ്ധതി, ഓൺലൈൻ പോക്കുവരവ് സംവിധാനം എന്നിവ തുടരുന്നതിന് നടപടിയുണ്ടാകണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്; സമയബന്ധിതമായി ഈ പ്രശ്നത്തിന് പരിഹാരം കാണണം. തോട്ടം മേഖലയിൽ പ്രഖ്യാപിച്ച സമഗ്രപാക്കേജ് സമയബന്ധിതമായി നടപ്പാക്കണം. മുല്ലപ്പെരിയാർ വിഷയത്തിൽ സമവായമുണ്ടാക്കുന്നതിന് സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. തോട്ടം ഉടമകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണം. വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണം അവസാനിപ്പിക്കുമെന്നും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പുതിയ വകുപ്പ് രൂപീകരിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. ഭവന നിർമ്മാണ പദ്ധതികളിലെ അപാകതകൾ പരിഹരിക്കുന്നതിനും കാർഷിക കടാശ്വാസ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. ടി. വി. ഇബ്രാഹിം: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ പലതും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. പൊതുവിദ്യാഭ്യാസം

ശക്തിപ്പെടുത്തുന്നതിനും പുതുതായി സർക്കാർ കോളേജുകൾ അനുവദിക്കുന്നതിനും വിവാദങ്ങളില്ലാതെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. തത്വാധിഷ്ഠിത നിലപാട് പ്രഖ്യാപിക്കുകയും അത് പ്രയോഗത്തിൽ വരുത്താതിരിക്കുകയും ചെയ്യുന്ന സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക മേഖലയെ പുനരുദ്ധരിപ്പിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. നെൽകർഷകർക്ക് കഴിഞ്ഞ സർക്കാർ നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള തീരുമാനവും നെൽകൃഷിക്കും ജൈവപച്ചക്കറികൃഷിക്കും പലിശരഹിത വായ്പ അനുവദിക്കുന്നതിനും കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ശ്രദ്ധേയമാണ്. റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ കാപ്പി കൃഷിക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനും കുട്ടനാട് പാക്കേജിന്റെ മാതൃകയിൽ വയനാട് പാക്കേജ് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാലിത്തീറ്റയുടെ വിലക്കയറ്റം തടയുന്നതിനും നടപടി സ്വീകരിക്കണം. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് കാൽസ്യം മിനറൽ മിക്സ്ച്ചർ

നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണം. ആദിവാസികളുടെ ദുരിതപൂർണ്ണമായ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്ന പദ്ധതിയിൽ ഊരാളി വിഭാഗത്തെക്കൂടി ഉൾപ്പെടുത്തണം. തമിഴ്നാട്ടിലേതുപോലെ കേരളത്തിലെ പണിയ വിഭാഗത്തെക്കൂടി പി.വി.റ്റി.ജി. ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ശിപാർശ കേന്ദ്ര സർക്കാരിന് നൽകണം. ആദിവാസികളുടെ ക്ഷേമഫണ്ടും സംവരണവും ഉറപ്പാക്കാൻ പുതിയ നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഗോത്രവിഭാഗങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഇടപെടുന്നതിനും 'ഗോത്രസാരഥി' പദ്ധതിയിലൂടെ ആദിവാസിക്കുട്ടികളെ സ്കൂളിൽ അയച്ച ഇനത്തിൽ കുടിശ്ശികയുള്ള ഒന്നേകാൽ കോടി രൂപ നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എഫ് തോമസ്</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. നവകേരള സൃഷ്ടിക്കായുള്ള പ്രഖ്യാപനം ആവർത്തിക്കേണ്ടിവരുന്നത് ഖേദകരമാണ്. പട്ടികജാതി വിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിന് നൽകിവന്നിരുന്ന 75,000 രൂപ 3.75 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചു. എല്ലാ നിയോജക മണ്ഡലങ്ങളിലും സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ ആരംഭിക്കുന്നതിന് 280 കോടി രൂപ കഴിഞ്ഞ ഗവൺമെന്റ് ചെലവഴിച്ചിരുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ചികിത്സാ ധനസഹായം 1,00,000 രൂപയാക്കി

വർദ്ധിപ്പിച്ചു. റബ്ബറിന്റെ വിലയിടിവ് നേരിടാൻ കഴിഞ്ഞ സർക്കാർ 500 കോടി രൂപ നീക്കിവച്ചിരുന്നുവെങ്കിലും അക്കാര്യത്തിൽ വ്യക്തമായ സമീപനം സ്വീകരിക്കാനോ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനോ നയപ്രഖ്യാപനത്തിലൂടെ സാധിച്ചിട്ടില്ല.

ശ്രീ. തോമസ് ചാണ്ടി : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കുട്ടനാട് പാക്കേജിന് പുത്തനുണർവ് നൽകുന്ന നയപ്രഖ്യാപനം സ്വാഗതാർഹമാണ്. 2140 കോടി രൂപയുടെ കാർഷിക പാക്കേജ് കേന്ദ്ര സഹായത്തോടെ അനുവദിച്ചു കിട്ടിയെങ്കിലും 400 കോടി രൂപ പോലും ചെലവഴിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചില്ല. കുട്ടനാട്ടിലെ ആയിരക്കണക്കിന് ഏക്കർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനും നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. മദ്യനയത്തെ സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും റിസോർട്ടുകളിൽ നടന്നുവന്നിരുന്ന കോൺഫറൻസുകൾ തിരികെ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

ശ്രീ. പി. കെ. ശശി : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി കൊണ്ടുവരുമെന്ന പ്രഖ്യാപനം പുതിയ

തലമുറയ്ക്ക് കൃഷിയോടുള്ള താത്പര്യം വർദ്ധിപ്പിക്കാൻ സഹായിക്കുന്നതാണ്. റബ്ബർ, നാളികേരം എന്നിവയുടെ വിലത്തകർച്ച പരിഹരിക്കാനുള്ള പാക്കേജുകൾ പ്രഖ്യാപിച്ചത് പ്രശംസനീയമാണ്. വിലയിടിവിൽനിന്ന് റബ്ബർ കർഷകരെ രക്ഷപ്പെടുത്തണം. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി സമഗ്രമായ നിയമം കൊണ്ടുവരുന്നതിനും ഐ.റ്റി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. ടെക്നോളജിയുടെ വളർച്ചയ്ക്കനുസൃതമായി രാജ്യത്തിനകത്തും പുറത്തും തൊഴിലവസരങ്ങൾ ലഭ്യമാകുന്ന രൂപത്തിൽ ഐ.റ്റി.ഐ. കളിലെ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കണം. കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം : വർഗ്ഗീയ ഫാസിസത്തെ വളർത്തുകയും കച്ചവട മാനദണ്ഡത്തോടുകൂടി മുന്നോട്ടു പോവുകയും ചെയ്യുന്ന എൽ.ഡി.എഫും യു.ഡി.എഫും ഇവിടെ അഡ്ജസ്റ്റുമെന്റ് ഭരണമാണ് നടത്തുന്നത്. ഈ മുന്നണികൾ രാജ്യത്തിന് അപകടകരമായതുകൊണ്ട് പകരമായി ഒരു ജനപക്ഷമുന്നണിയുണ്ടാകേണ്ടത് അനിവാര്യമാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാർ ഖജനാവ് കാലിയാക്കുകയും വിദ്യാഭ്യാസരംഗം തകർക്കുകയും പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലാക്കുകയും അപ്രഖ്യാപിത പവർകട്ട്

വ്യാപകമാക്കുകയും വെള്ളക്കരവും യാത്രാചെലവും വർദ്ധിപ്പിക്കുകയും പൊതുവിതരണ സമ്പ്രദായം നിഷ്ക്രിയമാക്കുകയും ചെയ്തു. കേരളത്തിന്റെ സമ്പദ്ഘടനയെയും ജനജീവിതത്തെയും പുനരുദ്ധരിക്കുന്നതിനും കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുമുതകുന്ന പ്രഖ്യാപനങ്ങൾ അഭിനന്ദനാർഹമാണ്. കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ കർമ്മ പദ്ധതികൾ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രശംസനീയമാണ്. ശക്തവും ഫലപ്രദവുമായ ബോധവൽക്കരണത്തിലൂടെ ലഹരിമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റണം. പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി 150 കോടി രൂപ നീക്കിവച്ച നടപടി ഗവൺമെന്റിന്റെ ജനപക്ഷ നിലപാട് വ്യക്തമാക്കുന്നതാണ്. വനസംരക്ഷണത്തിന് പ്രായോഗികമായ കർമ്മപദ്ധതികൾ പ്രഖ്യാപിച്ചത് ശ്ലാഘനീയമാണ്. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്നും മുക്തരാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. സി.എച്ച്.സി-കൾ സാധാരണക്കാർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ പരിഷ്ക്കരിക്കണം.

ശ്രീ. എം. നൗഷാദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമസ്തമേഖലകളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന യാഥാർത്ഥ്യബോധത്തോടെയുള്ള കാര്യങ്ങളാണ് നയപ്രഖ്യാപനത്തിൽ

ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രഥമ മന്ത്രിസഭായോഗത്തിൽ തന്നെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും വിലക്കയറ്റം തടയുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചത് ഗവൺമെന്റിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമിട്ട് പുതിയ വകുപ്പ് രൂപീകരിക്കുമെന്നും കശുവണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ പ്രതീക്ഷാർഹമാണ്. ഭൂരഹിതരുടെ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടുപിടിക്കുമെന്ന പ്രഖ്യാപനം തികച്ചും യാഥാർത്ഥ്യബോധമുള്ളതാണ്.

ശ്രീ. റോജി എം. ജോൺ: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗം ആവർത്തനവിരസമായിരുന്നുവെങ്കിലും മോഹനവാഗ്ദാനങ്ങൾ നിറഞ്ഞതായിരുന്നു. കേരളത്തിൽ അഞ്ചുവർഷംകൂടുമ്പോൾ ഭരണമാറ്റം ഉണ്ടാകുന്നത് പുതിയ കാര്യമല്ല. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയും എൻഡോസൾഫാൻ ദുരിതബാധിതർക്കായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തപ്പോൾ ഈ മേഖലകളിലെല്ലാം നിഷേധാത്മകമായ നിലപാടുകളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്. ഉന്നത വിദ്യാഭ്യാസ മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി ലേണിംഗ് പോർട്ടൽ സ്ഥാപിക്കാനുള്ള നടപടിയും കൂടുതൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ

സ്ഥാപിക്കുമെന്നുമുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. വിദ്യാഭ്യാസത്തിനായി അന്യനാട്ടുകളിൽ പോകുന്ന കുട്ടികൾക്കുവേണ്ടി ഒരു ഹെൽപ്പ്ലൈൻ സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർവ്വതല സ്പർശിയായ വികസന രേഖയാണ് ഈ സർക്കാരിനുള്ളത്. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് പുതിയ നിയമനിർമ്മാണം കൊണ്ടുവരുമെന്നതും സിവിൽ സർവ്വീസ് അഴിമതി വിമുക്തമാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പരമ്പരാഗത മേഖലയിൽ മെച്ചപ്പെട്ട കൂലി ഉറപ്പ് വരുത്തുകയും കൂടുതൽ വ്യവസായികളെ ആകർഷിക്കത്തക്ക വിധത്തിൽ കെ.എസ്.ഐ.ഡി.സി.യെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം. കേരളം പട്ടിണി വിമുക്ത സംസ്ഥാനമാക്കാനും സാമൂഹ്യക്ഷേമ പെൻഷനുകൾ വീടുകളിലെത്തിക്കാനുമുള്ള നടപടി സ്വാഗതാർഹമാണ്. പ്രൈമറി തലം മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നും കാർഷിക മേഖല ശക്തിപ്പെടുത്തുമെന്നും തീർത്ഥാടന-വിനോദസഞ്ചാര നയം നടപ്പിലാക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കുള്ള സംവരണം ലഭ്യമാക്കാനും ക്ഷേമ

പെൻഷനുകൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. കേരള കലാമണ്ഡലത്തെ ഒരു സാംസ്കാരിക സർവ്വകലാശാലയാക്കുമെന്നും ഫിലിംസിറ്റി യാഥാർത്ഥ്യമാക്കുമെന്നും അന്യംനിന്ന നാടൻകലകൾ സംരക്ഷിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. മലയാളം സർവ്വകലാശാലയുടെയും സർക്കാർ സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവ വിപുലപ്പെടുത്താനാവശ്യമായ ഫണ്ട് അനുവദിക്കുകയും വേണം. എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിക്കണം.

ശ്രീ. പി. വി. അൻവർ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷനുകൾ ആയിരം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നിലപാട് പ്രശംസനീയമാണ്. പ്രവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും കോഴിക്കോട് എയർപോർട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. യാതൊരു ദിശാബോധവുമില്ലാതെ പ്രവർത്തിക്കുന്ന ഒരു സർക്കാരാണിതെന്ന് കഴിഞ്ഞ ഒരു മാസത്തെ ഭരണം കൊണ്ടുതന്നെ വിലയിരുത്താനാകും. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ സപ്ലൈകോ-യുടെ വിഹിതം വർദ്ധിപ്പിച്ചതിനെപ്പറ്റി ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ചത് ശരിയായ

നടപടിയല്ല. നയപ്രഖ്യാപനത്തിലൂടെ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പരാമർശിച്ച് ഈ സർക്കാർ ജനങ്ങളെ കബളിപ്പിക്കുകയാണ്. ദളിത് വിഭാഗക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുന്നില്ല. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും രക്ഷ നേടുന്നതിന് ഫെൻസിംഗ് ഏർപ്പെടുത്തുന്ന കാര്യം നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. മത്സ്യത്തൊഴിലാളികളെ കടലിൽ വച്ച് കൊല ചെയ്ത ഇറ്റാലിയൻ നാവികരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് നടപടിയെടുക്കാൻ തയ്യാറാകാത്ത സർക്കാരിന്റെ നിലപാട് വേദനാജനകമാണ്. ആരോഗ്യരംഗം തകർക്കുന്ന രീതിയിലുള്ള നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുൻസർക്കാരിന്റെ ഭരണംകൊണ്ട് സർവ്വനാശം വിതച്ച കേരളീയ സമൂഹത്തെ നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കാണ് നയപ്രഖ്യാപനത്തിൽ കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. സഹകരണ പ്രസ്ഥാനത്തെ കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്. ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയ "സുവർണ്ണം ഷോപ്പുകൾ" , റബ്ബർ കർഷകരെ സഹായിക്കുന്നതിനായി രൂപീകരിച്ച "റബ്ബർ മാർക്ക്" തുടങ്ങിയ സംരംഭങ്ങൾ പ്രയോജനകരമാണ്. സംസ്ഥാന- ജില്ലാ

സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് രൂപീകരിച്ച പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ്സിനെ അപ്പെക്സ് സ്ഥാപനമാക്കുന്നതിനുള്ള നടപടി, സഹകരണ ബാങ്കുകൾക്ക് കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തൽ, ഇ-കോമേഴ്സ് ആരംഭിക്കുന്നതിനുവേണ്ടി സഹകരണബാങ്കുകളെ സജ്ജമാക്കൽ തുടങ്ങിയവ ഏറെ പ്രതീക്ഷ നൽകുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ സംരക്ഷണ കേന്ദ്രങ്ങളാക്കുമെന്നും താലൂക്ക് -ജില്ലാ ആശുപത്രികളെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും അതിൽ രണ്ടെണ്ണം എയിംസ് പദവിയിലേയ്ക്കുയർത്തുന്നതിനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ഇ-ആരോഗ്യ പദ്ധതിയിലുൾപ്പെടുത്തി ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ് (ഇ.എച്ച്. ആർ.) സംവിധാനം, ഭാരിച്ച ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്ത രോഗികൾക്ക് സൗജന്യ ചികിത്സാ പദ്ധതി, യൂണിവേഴ്സൽ പ്രീ-പെയ്ഡ് സ്കീം ഇവയെല്ലാം ജനങ്ങൾക്ക് പ്രയോജനകരമായിരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നെയ്യാറ്റിൻകര താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായും അതിനുശേഷം ജനറൽ ആശുപത്രിയായും ഉയർത്തിയെങ്കിലും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ ജീവനക്കാരെയോ നൽകിയിട്ടില്ല. കേരള ഓട്ടോമൊബൈൽസിനെ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. പാവപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പുവരുത്തുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റ് അധികാരമേറ്റെടുത്ത് ഒരു മാസത്തിനുള്ളിൽത്തന്നെ ദളിത് പെൺകുട്ടികളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കിയത് ദളിത് വിഭാഗങ്ങളോടുള്ള സർക്കാരിന്റെ മനോഭാവത്തെ വ്യക്തമാക്കുന്നതാണ്. കേരളീയരുടെ പ്രതീക്ഷകളെ തല്ലിത്തകർത്ത പ്രസംഗമാണ് ഗവർണ്ണർ നിയമസഭയിൽ നടത്തിയിട്ടുള്ളത്.

<u>ശ്രീ. ജെയിംസ് മാത്യു:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തെ സംബന്ധിച്ചുള്ള ചർച്ചയല്ല പ്രതിപക്ഷം പ്രധാനമായും ഇവിടെ നടത്തുന്നത്. ഇപ്പോൾ ദളിതർക്കുവേണ്ടി പ്രസംഗിക്കുന്ന പ്രതിപക്ഷം അധികാരത്തിൽ ഇരുന്നപ്പോൾ അവർക്കുവേണ്ടി യാതൊന്നും ചെയ്തില്ല. ഈ ഗവൺമെന്റ് മതനിരപേക്ഷതയ്ക്കുവേണ്ടി, അഴിമതിക്കെതിരായി സന്ധിയില്ലാത്ത പോരാട്ടം നടത്തിക്കൊണ്ട് ഒരു നവകേരളം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

VII അറിയിപ്പ്

## ഡോക്യുമെന്ററി പ്രദർശനം

<u>മി.സ്പീക്കർ:</u> ബാങ്ക്വറ്റ് ഹാളിൽ സാമാജികർക്കായി 'ഗോഡ്സ് ഇൻ ഷാക്കിൾസ്' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനം ഉണ്ടായിരിക്കുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 2.37 ന് പിരിഞ്ഞു.